# സൃഷ്ടി

ഡോക്ടർ കെ ബി മേനോൻ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികൾ തയ്യാറാക്കിയത്



# ആമുഖം

പ്രിയപ്പെട്ട കുട്ടികളെ,

പല രീതിയിൽ പലയിടങ്ങളിൽ നിന്നായി ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗിക്കുകയും സംസ്കരിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്. കമ്പ്യൂട്ടറുകളാണ് ഈ വിനിമയത്തിന്റെ അടിസ്ഥാനം. പുതിയ ലോകത്തിൽ, അതിന്റെ ദിശയും ചലനങ്ങളും തിരിച്ചറിഞ്ഞുള്ള ജീവനം സാധ്യമാക്കിയെടുക്കുന്നതിന് കമ്പ്യൂട്ടറുകളെക്കുറിച്ചുള്ള അടിസ്ഥാന പരമായ അറിവെങ്കിലും, അത്യാവശ്യമാകുന്നത് അതുകൊണ്ടാണ്. ഇത്തരം ആവശ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ ഡിജിറ്റൽ മാഗസിൻ രൂപകല്പന ചെയ്തിട്ടുള്ളത്. വിവരവിനിമയത്തിന്റെ അടിസ്ഥാനസങ്കേത ങ്ങൾക്കുപുറമേ നമുക്ക് പഠിക്കാനുള്ള എല്ലാ വിഷയങ്ങളിലും അത് എങ്ങനെ പ്രയോഗിക്കാം എന്നും കലയും,സംസ്കാരവും,സാഹിത്യവും മാഗസിനിലൂടെ പരിചയ പ്പെടുന്നുണ്ട്. സർഗ്ഗാത്മകതയും സാങ്കേതികപഠനവും ഉൾക്കൊ ള്ളുന്ന ഈ ഡിജിറ്റൽ മാഗസിൻ നവ്യമായ ഒരനുഭവമായിത്തീരുമെന്ന് പ്രതീക്ഷിയ്ക്കാം.

ലിറ്റിൽ കൈറ്റ്സ്

ലിറ്റിൽ കൈറ്റ്സ്



2018-2019

# പുസ്തക രചനാസമിതി

| | | |
|---|---|---|
| സ്റ്റാഫ് എഡിറ്റർ | : | സിന്ധു . ടി |
| സ്റ്റുഡന്റ് എഡിറ്റർ | : | പവിൻ. എം.എൻ |
| അസോസിയേറ്റ് എഡിറ്റേർസ് | : | ഹുസൈൻ അൻസിൽ. വി.കെ |
| | | നിഹാൽ. പി. പി |
| | | അനിൽ. സി.ടി |
| എക്സിക്യൂട്ടീവ് എഡിറ്റർ | : | അംന. എ.വി |
| എഡിറ്റോറിയൽ ബോർഡ് | : | ഷിബില.പി.വി |
| | | അഫ്റീനി ഫാത്തിമ |
| | | ഹാരിസ.എ.എം |
| | | സുഫീന.എം |
| | | ഫാത്തിമ സജ. പി.കെ |
| | | ജിസ്ല ഷെറിൻ. സി |
| | | അൻസിയ.കെ.വി |
| | | നിഹാല.പി.വി |
| | | നബീൽ. എൻ |
| | | അർജ്ജുൻ. പി |
| | | അർജ്ജുൻ. |
| | | സന്ദീപ്. |
| | | റിനൊ.ഇ |
| | | ഇഷാം.എൻ |
| | | അഖിൽ മൊയ്തീൻ |
| | | മുനവ്വിർ |
| | | ഷഫ് ല.എൻ |
| | | അൽഫ ജാസിയ |
| | | ഫാസില |
| | | മുർഷിദ ഷറിൻ |
| | | ഫാതിമ ഫർഹത്ത് |

# ആശംസകൾ



ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നതോടൊപ്പം വിവര സാങ്കേതികവിദ്യയുടെ മേഖലയിലും അവരുടെതായ വ്യക്തിമുദ്ര പതിപ്പിയ്ക്കാൻ കഴിയട്ടെ എന്ന് അനുഗ്രഹിക്കുകയും ചെയ്യുന്നു.

**സക്കീന ടീച്ചർ**
HM
( Dr.KBMMHSS Thrithala )

# ആശംസകൾ



വായനയുടെ ലോകം കമ്പ്യൂട്ടറിലേക്കും മൊബൈൽ ഫോണിലേക്കും മാറിയിരിക്കുന്ന കാലഘട്ടത്തിൽ നവസാങ്കേതികവിദ്യയെ ആയുധമാക്കി കലയും സംസ്കാരവും വളർത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞാണ് ഡിജിറ്റൽ മാഗസിനുകൾ രൂപപ്പെട്ടു വരുന്നത്. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ നവ്യമായ ഒരനുഭവമായി മാറട്ടെ എന്ന് ആശംസിക്കുന്നു.

**രാജീവ് മാസ്റ്റർ**
പ്രിൻസിപ്പൽ
( Dr.KBMMHSS Thrithala )

# ആശംസകൾ



കേരളം ഇന്ന് വിദ്യാഭ്യാസമേഖലയിൽ ഒരുപാട് മുന്നോട്ട് പോയികൊണ്ടിരിക്കുകയാണ്. നൂതന സാങ്കേതിക വിദ്യാലോകത്ത് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുന്ന തിന്റെ ഭാഗമായി രൂപം കൊണ്ട് **LITTLE KITES** വിദ്യാർത്ഥികൾ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകൾ നേരുന്നു.

**ഹനീഫ ചോലക്കൽ**

PTA President

( Dr.KBMMHSS Thrithala )

## ഉള്ളടക്കം


ആമുഖം............2
ലിറ്റിൽ കൈറ്റ്സ്............3
പുസ്തക രചനാസമിതി............4
ആധാരരഹസ്യം............9
കാത്തിരിപ്പ്............10
വൃദ്ധ............12
തലക്കെട്ട്............12
മൗനം............12
പച്ച............13
മഴ............14
വയനാട്ടിലേക്ക് ഒരു യാത്ര............15
ചില............16
ഒറ്റപ്പെട്ടു പോയ അച്ഛൻ............17
പ്രളയം............18
വിദ്യാലയം............19
പായ് വഞ്ചി............20
അദ്ധ്വാനത്തിന്റെ ഫലം............21
എന്റെ അനുഭവക്കുറിപ്പ്............22
കാരുണ്യം............23
ജീവിതം............24
മാമ്പഴം............25
മഴ............26
കേരളത്തെ കരയിപ്പിച്ച സംഭവം............27
നോവ്............28
മായാദിനങ്ങൾ............29
വേടനെപിടിച്ചെ............31
കനൽശാഖ............34
ഉറവ............35
മറുപടി............37
പുതു ജീവൻ............39
സൂര്യപ്രകാശം............41
യാത്ര വിവരണം............42
ഞങ്ങൾ വരച്ച ചിത്രങ്ങൾ............46

# ആധാരരഹസ്യം

വീടിനുള്ളിൽ, അലമാരയിൽ, പഴയ പത്രക്കടലാസിൽ പൊതിഞ്ഞു സൂക്ഷിച്ചിരിയ്ക്കുന്ന ആധാരവും അടിയാധാരങ്ങളും ചരിത്രരേഖകളാണ്. സാമൂതിരി രാജാവിന് തലമുറകളിലൂടെ തീറു കിട്ടിയ ഇടങ്ങളിൽ ഒരിടം!! ദാനം വക പണ്ടേയ്ക്ക് പണ്ടേ തറവാട്ടു കാരണവർക്ക് ഇഷ്ട സമ്മാനം കൊടുത്തതത്രേ! കാരണവർ പ്രണയിനിയ്ക്ക് സ്നേഹ സമ്മാനമായ് മാറ്റിയെഴുതിയ പ്രേമചരിത്രത്തിന്റെ ഭൂമിശാസ്ത്രമാണത്. പിന്നീട്, ഒഴുകേണ്ട വഴിയിലൂടല്ല പുഴയൊഴുകിയത്. അന്നത്തെ ആകാശമോ അന്നത്തെ കടലോ അല്ല നീലിച്ചീ, കിടക്കുന്നത് കാലം, അത് തുടക്കവും ഒടുക്കവുമേതെന്നറിയാത്ത തരംഗങ്ങളുടെ പ്രവാഹംപോലാണല്ലോ! മഹാഭാരതത്തെ ഇന്ത്യ, പാക്കിസ്ഥാൻ, പിന്നെ ബംഗ്ളാദേശ് എന്നിങ്ങനെ തിരിച്ചപോലെ മുത്തച്ഛൻ മക്കൾക്കായ് ഇരുപത്തിമൂന്ന് സെന്റ് മൂന്നായ് പകുത്തതിന്റെ ഒരോഹരിയാണ് ഒളിമങ്ങിയ രേഖകളായ് വീടിനകത്ത്, അമ്മയുടെ പേരിൽ, അലമാരയ്ക്കുള്ളിലെ പാറ്റയെ ഭയന്ന്,വിറച്ച് കുടികൊള്ളുന്നത്. ഓ, ഞാനതങ്ങ് മറന്നു. അല്ലെങ്കിൽതന്നെ ഏത് ചരിത്രമാണ് സുരക്ഷിതം? എപ്പോൾ വേണമെങ്കിലുമത് തിരുത്തപ്പെട്ടേയ്ക്കാമല്ലോ! ഒരു പുഴവോ, എലിയോ മറ്റോ അന്നമാക്കി മാറ്റാനും മതി. പക്ഷേ, ചരിത്രമൊക്കെ അത്രയെളുപ്പം ദഹിയ്ക്കുമോ ? തിരുത്തലുതന്നെ എളുപ്പം, എളുപ്പവഴി കളിലാണല്ലോ നമ്മളെപ്പോഴും!

**പ്രശാന്ത്മാസ്റ്റർ.എം**

# കാത്തിരിപ്പ്



ഒരുപാടു  മോഹിച്ചു പോയി നീയെൻ

അരികിലെത്തുവാൻ

രാവിലും പകലിലും കൺചിമ്മാതെ

കാത്തിരുന്നു നിനക്കു വേണ്ടി.......

എൻ തോറ്റുപോയ ഹൃദയത്തിലെ

വിജയപാതയായിരുന്നു നീ.....

എൻ ഏകാന്ത ജീവിതത്തിന്റെ

കൂട്ടുകാരനായിരുന്നു നീ.........

ഒരിക്കൽ നീ എന്നെ തേടി വരുമെന്നറിയാം,

എന്നിട്ടും ഞാൻ കാത്തിരുന്നു

നിൻ പാതയിലേക്കും നോക്കി.....

നീ എന്റേതാകുമെന്ന കരുതി,

ഇരുൾ ജീവിതത്തിൽ ഞാൻ നിന്നെ പ്രണയിച്ചു.

നീ എന്നെ മനസ്സിലാക്കുന്നില്ലെന്നറിഞ്ഞിട്ടും

ഞാൻ കാത്തിരുന്നു.

നീയെൻ അരികിലെത്തുമെന്ന പ്രതീക്ഷയോടെ,

ഒരിക്കൽ നീയെല്ലാമറിയും,

എൻ ജീവിതമെന്തെന്നറിയും

അന്നു നീയെന്നെ കൊണ്ടുപോകും

നീ മാത്രമുള്ളൊരിടത്തേക്ക്

നിൻ ജീവനാകുവാൻ വേണ്ടി

അന്നു ഞാൻ വിജയിക്കും എൻ ജീവിതത്തിൽ,

ഇരുളിൽ നിന്നും വെളിച്ചത്തിലേക്കുയരും ഞാൻ

മറ്റുള്ളവരുടെ കണ്ണീർകണങ്ങളിലെ

ഓർമ്മയാകും ഞാൻ.

വെള്ള പുതച്ച എൻ ശരീരത്തിൽ

പൂവിട്ടു പൂജിക്കുമ്പോഴും

പുഞ്ചിരിക്കും ഞാൻ എൻ വിജയപുഞ്ചിരി,

മടുത്ത എൻ ഏകാന്ത ജീവിതം

കാത്തിരിക്കുന്നു ഞാനിപ്പോഴും,

മരണമേ നീ എൻ അരികിലെത്തുവാൻ................

**അഞ്ജന ദാസ്.പി**

S 2 A

## വൃദ്ധ

ഞാൻ എൻ ശാഖകളെ
അതിരില്ലാതെ സ്നേഹിച്ചെങ്കിലും
അവർ എന്നെ അതിരുകൾക്കുള്ളിലാക്കി.

## തലക്കെട്ട്

തലക്കെട്ടില്ലാത്തൊരു കവിത
തലക്കെട്ടിടാനൊരാൾ
ഒടുവിൽ തലക്കെട്ട് കിട്ടാതെ വന്നപ്പോൾ
തലക്കെട്ടെന്ന് തലക്കെട്ടിട്ടു.

## മൗനം

ഉത്തരമില്ലാ ചോദ്യങ്ങൾക്ക്
ഉത്തരമാണെന്നും മൗനം.

**ഫാത്തിമ ഹർഷ** 8 D



## പച്ച

പച്ചപ്പൂക്കാലം എന്നിൽ കൊരുത്തിട്ട
സസ്യശ്യാമളമാണീ വിയർപ്പുകൾ
ശാപഗോപുരമെന്നിൽ പടുത്തിയ
നോവുമാത്മാവിൻ കൈപ്പട നെഞ്ചിലും.
പാറിയകലാത്ത പക്ഷിതൻ നൊമ്പര,
പാട്ടുമിപ്പാട്ടു മൗനരാഗത്തിനെ
കേഴുമിസ്വര ചൈതന്യ ഭ്രൂമിയിൽ
കാറ്റ് പറയുന്ന മൗനമീരാഗത്തെ.
മഞ്ഞു വീഴുന്ന വായുവിൽ നീര്രുറ്റി
മണ്ണിനുള്ളിലെ ആർദ്രമാം ഭാവത്തെ
വിട്ടയയ്ക്കുന്ന എന്നിലീ മൗനത്തെ
പാട്ടുപാടുന്ന മണ്ണിൻ വികാരത്തെ....

**പവിൻ.എം.എൻ** 9.c



## മഴ

മാരിക്കാറിനായ് മണിയറയൊരുക്കി
കാത്തിരിക്കുന്ന ഭൂമി
വാനിലാഘോഷമേളത്തിളക്കം
കുളിരാർന്നൊരാക്കാറ്റിൽ
പുതുമണ്ണിൻ ഗന്ധം
നനഞ്ഞൊരീറൻ സന്ധ്യ
ഇരുൾ മുടിവിതർത്തി മെല്ലെ
അടിവച്ചരികത്തെത്തി
മനസ്സിലോർമ്മകളെ തൊട്ടുണർത്തി
മഴച്ചാറ്റൽ മുഖത്തുതട്ടിയോ
കണ്ണിലീറൻ പടർന്നു
പഴയ ഓർമകൾ പുതുക്കുവാൻ
വേനൽച്ചൂടിനെയാറ്റുവാൻ
തണ്ണീരുമായ് മാരിവിരുന്നിനെത്തുന്നു.

**സിന്ധു ടീച്ചർ**

## വയനാട്ടിലേക്ക് ഒരു യാത്ര...



വയനാട് ജില്ലയിലെ സുൽത്താൻബത്തേരിയിലേക്ക് ഞങ്ങൾ കുടുംബ സമേതം ഒരു യാത്ര പോയി. അവിടെ ഒരുപാട് കാഴ്ചകൾ കണ്ടു. സൂചിപ്പാറ,ബാണാസുര പാലസ്,കാപ്പിത്തോട്ടം, തേയില ഫാക്ടറി എന്നിവ കണ്ടു. വളരെ രസമുള്ള ഒരു യാത്ര ആയിരുന്നു.തെക്കു പടിഞ്ഞാറൻ പുഴകൾ കണ്ടു. താമരശ്ശേരി ചുരം കയറിയത് വല്ലാത്തൊരു അനുഭവമായി മാറി. പ്രകൃതി ഇത്രയും ഭംഗിനിറഞ്ഞതാണെന്ന് എനിക്ക് മനസ്സിലായത് അപ്പോഴായിരുന്നു. പലതരം കിളികളും കുരങ്ങന്മാരും കാട്ടുമുയലും അങ്ങനെ ഞാൻ കാണാത്ത പലതും അന്ന് കണ്ടു .

**മുഹമ്മദ് ഷാദിൻ** 6B



# ചില

ചില സന്ധ്യകൾ
ചുവന്ന തുടുക്കാറില്ല
ചില മുകിൽ മാലകൾ
പെയ്ത് ഒഴിയാറില്ല
ചില രാത്രികൾ
നിലാവ് പൊഴിക്കാറില്ല
ചില നേരം നിലാവിന്
ചന്ദനഗന്ധമില്ല
ചില മോഹങ്ങൾ
സഫലമാകാറില്ല
ചില നിമിഷങ്ങളിൽ
നിന്നു മായാറില്ല
ചില സത്യങ്ങൾ
ആരും ഓർക്കാറില്ല
ചില ചോദ്യങ്ങൾക്ക്
ഉത്തരം കിട്ടാറില്ല
...................................

**ഫാത്തിമ ഹെന്ന.കെ.പി**


6B

## ഒറ്റപ്പെട്ട പോയ അച്ഛൻ



പണ്ട് പണ്ട് ഒരു സുന്ദരൻ എന്നൊരു അച്ഛൻ ഉണ്ടായിരുന്നു. അദ്ദേഹവും ഭാര്യയും മക്കളും കൂടി വിനോദയാത്രയ്ക്ക് പോയി. പെട്ടന്ന് ഒരു കാർ വന്ന് അവരുടെ വണ്ടിയിൽ പാഞ്ഞു കയറി.ആ വാഹനാപകടത്തിൽ നിന്ന് രക്ഷപ്പെട്ടത് ഈ അച്ഛൻ മാത്രമായിരുന്നു.അങ്ങനെ വർഷങ്ങൾ കടന്നുപോയി.അവരുടെ ജീവിതം വീണ്ടും പൂവണിഞ്ഞു.രണ്ട് പുതിയ അതിഥികൾ കൂടി എത്തി.ശിവനും ശക്തിയും.ഈ രണ്ടു മക്കളും വളർന്നു വലുതായി.ഈ രണ്ടു മക്കളും ജോലിയെടുത്താണ് വയസ്സായ ആ അച്ഛനെ നോക്കിയിരുന്നത്. രണ്ടു മക്കളും കൂടി ഒരു ലോറി വാങ്ങിച്ചു.അതിൽ ഓരോ സാധനങ്ങളും കയറ്റി അവർ പണം ഉണ്ടാക്കി.അങ്ങനെ അവരുടെ എല്ലാ ബുദ്ധിമുട്ടുകളും തീർന്നു. അങ്ങനെ അച്ഛൻ പറഞ്ഞു."എന്റെ പൊന്നു മക്കളെ എനിക്കൊരാഗ്രഹമുണ്ട്, ഞാൻ മരിക്കും മുൻപ് നിങ്ങളുടെ കല്ല്യാണം കാണണം".അങ്ങനെ അവർ സുന്ദരിയായ കുട്ടികളെ കല്ല്യാണം കഴിച്ചു. അങ്ങനെ അച്ഛനും മക്കളും സന്തോഷത്തോടെ ജീവിച്ചു.

മുഹമ്മദ് സഫ്‌വാൻ 6B




## പ്രളയം

അണിഞ്ഞൊരുങ്ങി  പുത്തനുടുപ്പുകളിട്ട് പുതുപ്രതീക്ഷകളോടെ

ചങ്ങാതിമാരോടൊത്ത് വിനോദയാത്രയ്ക്ക് പോയി.........

ഇടുക്കിയിലെ ഡാമുകാണാൻ. മലമ്പുഴയിലൊന്ന്
കറങ്ങിയടിക്കാൻ കോഴിക്കോടൊന്ന് ചുറ്റികറങ്ങാൻ

വയനാട്ടെ ചുരമൊന്ന് ഓടികയറാൻ ദേ വന്നിരിക്കുന്നു.............
മുല്ലപ്പെരിയാറിലൂടെ ഇടുക്കി ഡാമും കടന്ന് കിലോമീറ്ററുകൾ താണ്ടി
വെള്ളം ഞങ്ങളെ കാണാൻ വിരുന്നെത്തി

അപ്പോൾ ഞങ്ങൾ അവളെ വിളിച്ചു;

"പ്രളയമെന്ന്.....മഹാദുരന്തമെന്ന്......"

**ആയിഷാ ലാമിയ** 6B



## വിദ്യാലയം

പാറി പറക്കുന്ന ചിത്രശലഭങ്ങൾ ഞങ്ങൾ
പല ദിക്കിൽ നിന്നും വന്നുചേർന്ന ഞങ്ങൾ
പൂവായപൂവിലെല്ലാം മധുരം നുകരുവാൻ
അറിവു നുകരുവാൻ പാറിപ്പറന്ന ഞങ്ങൾ.
ആദ്യക്ഷരങ്ങൾ ചൊല്ലിപഠിച്ചു.
അറിവിനാലുള്ള പാഠം പാടിപഠിച്ചു.
ചെടിയായ വിദ്യാലയത്തിലെ
പൂക്കളായ എൻ അധ്യാപകർ
മധുരമായ  വിദ്യപകർന്ന തന്നു.

**മുഹമ്മദ് ഷാദിൻ** 6B

## പായ് വഞ്ചി



വിളറിത്തുടുത്തൊരാ അന്ധകാരത്തിലേ
ക്കാറുന്ന വാർദ്ധക്യ മന്ദിരങ്ങൾ
പകരുവാൻ നകരുവാൻ സ്നേഹത്തിലാടുവാൻ
പുഴയായ് മറഞ്ഞൊരു തുള്ളിമാത്രം.
മനസ്സിൽ പടുത്തൊരു വാർദ്ധക്യഗോപുരം
മഴയിൽ പിടഞ്ഞു നിലത്തു വീഴ്കേ
അരുമയായ് ചെന്നൊരു തിരമാല തന്നുടെ
തണുവും നിറച്ചിട്ട സുഖയാത്രയായ്.
ആരുണ്ടെനിക്കിനീ പിളരുന്ന നെഞ്ചിന്റെ
അറയിലേക്കായുന്ന നിലവിളക്കായ്
പാതിവരച്ചിട്ട വർണ്ണമീ ചിത്തങ്ങൾ
പായുന്ന വേർപ്പെട്ട ശാഖപോലെ.
മക്കളായ് തീർന്നൊരാ നാലു സമസ്യയും
മന്ദാകിനിക്കായ് പിടഞ്ഞുനിൽക്കേ,
ഒടുവിലീ കണ്ണിയാം അമ്മയാം തങ്ങളെ
പഴിനീട്ടി വർത്തിച്ച പാട്ടുപെട്ടി.
ഒഴുകുന്ന ആയക്കയത്തിലേക്കാഴ്ന്ന ഞാൻ
പുഴപോലെ മറയുമാ ജീവനൊപ്പം......

**പവിൻ .എം. എൻ** 9C

# അദ്ധ്വാനത്തിന്റെ ഫലം



ഒരു ഗ്രാമത്തിൽ അച്ചു എന്നും കിച്ചു എന്നൊ പേരുള്ള രണ്ടു മക്കളുണ്ടായിരുന്നു. അവർക്ക് രണ്ട് പേർക്കും അവരുടെ അച്ഛന് പ്രായമായപ്പോൾ കുറച്ച് നാണയങ്ങൾ കൊടുത്തു. അച്ചു ആ നാണയങ്ങൾ കൊണ്ട് സാധനങ്ങൾ വാങ്ങി കച്ചവടം നടത്തി. അങ്ങനെ അവൻ ആനാട്ടിലെ വലിയൊരു സമ്പന്നനായിമാറി. എന്നാൽ കിച്ചു അച്ഛൻ നൽകിയ പണം ഒന്നും ചെയ്യാതെ മടിയനായി കാലങ്ങൾ കഴിച്ചുകൂട്ടി. അച്ഛൻ സമ്പാദിച്ച ധനം കഴിയുന്നത് വരെ കിച്ചു സന്തോഷത്തോടെ ജീവിച്ചു.അച്ഛന്റെ മരണ ശേഷം കിച്ചു പട്ടിണിയായിമാറി. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് അധ്വാനിക്കുന്നവനെ സന്തോഷമുണ്ടാകൂ. അലസൻ പിന്നീട് ഖേദിക്കേണ്ടിവരും.

**ആയിഷ ലാമിയ.എം.** 6B

## എന്റെ അനുഭവക്കുറിപ്പ്

ഞാനും, എന്റെ ജേഷ്ഠനും, ഉപ്പയും പിന്നെ ഉമ്മയും കൂടി കുറച്ച് അകലെയുള്ളൊരു ബന്ധുവിന്റെ വീട്ടിൽ പോയി. ഞങ്ങൾ ഉച്ച സമയത്താണ് അവിടെ എത്തിചേർന്നത്. അവർ ഞങ്ങൾക്ക് ഉച്ച ഭക്ഷണം നൽകി. ഭക്ഷണം കഴിച്ച് കുറച്ച് സമയം വീട്ടിലുള്ള മുതിർന്നവർ തമ്മിൽ സംസാരിച്ചിരുന്നു. അന്നേരം ഞാൻ പുറത്തിറങ്ങി വീട്ടു മുറ്റത്ത് നിന്നിരുന്ന ചെടികളെ നോക്കിനിന്നു. അതിൽ നിന്ന് രണ്ട് ചെടികളെ എനിക്ക് വളരെ ഇഷ്ടമായി. ഞാൻ അവിടെ നിന്നും മടങ്ങുന്ന നേരം അങ്കിളിനോട് ചോദിച്ചു അങ്കിളേ എനിക്ക് ഈ രണ്ട് ചെടികളുടെ കമ്പ് തരുമോ. ഞാൻ ചോദിച്ചപ്പോൾ എനിക്ക് ആ രണ്ട്കൊമ്പ് തന്നു. ഉച്ചക്ക് ശേഷം ഞങ്ങൾ അവിടെ നിന്നും മടങ്ങി. വീട്ടിൽ എത്തിയ ശേഷം ഞാൻ ആ രണ്ട് കമ്പുകൾ പൂന്തോട്ടത്തിൽ നട്ടു. ആ ചെടി വലുതായി ഒരു മരമായി. ആ മരം യാത്രയുടെ ഓർമ്മപ്പെടുത്തലായ് നിൽക്കുന്നു.

**മുഹമ്മദ് യൂനസ്.എം 6B**

# കാരുണ്യം

മുടവന്നൂരിൽ ഉള്ള ഒരു സ്ഥാപനമാണ് സ്നേഹനിലയം.ഞാൻ ഒരു ദിവസം അവിടെ കാണാൻ പോയി.മാനസ്സികം കാരണം വീട്ടിൽനിന്ന് ഒഴിവാക്കിയവരും,കഷ്ട്പ്പെട്ട് വളർത്തിയ മക്കൾ രക്ഷിതാക്കളെ ഒഴിവാക്കിയവരും,തെരുവിൽ ഭക്ഷണം കിട്ടാതെ അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവരുമായ് അനേകം ആളുകൾ അവിടെ ഉണ്ടായിരുന്നു. അവിടെ വരാന്തയിൽ ഇരിക്കുന്ന ഒരു അച്ഛനെ എന്റെ ശ്രദ്ധയിൽ പെട്ടു.അച്ഛന്റെ അടുത്ത് ചെന്നു പേര് ചോദിച്ചു പേര് പറഞ്ഞ് തന്നു.അവിടെ മരത്തിന്റെ ചുവട്ടിൽ വേറയും ആളുകൾ ഇരിക്കുന്നുണ്ടായിരുന്നു. അവരോടെല്ലാം ഞാൻ സംസാരിച്ചു. അവിടേയുള്ള എല്ലാവർക്കും പലരീതിയിലുള്ള കഴിവുകൾ ഉണ്ട്. അവർ പത്രം വായിക്കുകയും,ടീവി കാണുകയും,കളിച്ച് രസിച്ചും വളരെ സന്തോഷത്തോടെ അവിടെ കഴിയുന്നു.

**ഫാത്തിമ്മ ലിയാന ബീവി**
6B

# ജീവിതം



ജീവിതം ഒരു ചോദ്യമാണ്
അതിന് ഉത്തരമില്ല
മരണം ഒരു ഉത്തരമാണ്
അതിന് ചോദ്യമില്ല.

**മുഹമ്മദ് കിഫാത്തുള്ള** 9J

# മാമ്പഴം



ഇന്നെന്റെ വീട്ടിലെ തേൻകൊമ്പിലാടുന്ന
മാമ്പഴം നാളെന്റെ കൂട്ടുകാരൻ
ഈറൻ നിലാവിന്റെ തേൻമൊഴിയീലവൻ
എന്നുമെൻ തേൻകിടാ പാട്ടുക്കാരൻ
എന്നുമെൻ വീട്ടിലെ സൂര്യനെപ്പോലവൻ
ഈറൻ പ്രഭാതത്തിൽ പൂത്തുനിൽക്കേ
ഓരോ ദിവസവും എണ്ണികഴിക്കുമ്പോൾ
അവൻ ഓരോ വയസ്സും മറികടക്കും
നാളയാ തേൻക്കൊമ്പ് വിട്ടൊഴിക്കുമ്പോൾ
അവൻ പിന്നെന്റെ ചിത്തത്തിൽ കൂട്ടുകാരൻ
ഇന്നെന്റെ വീട്ടലെ തേൻകൊമ്പിലാടുന്ന
മാമ്പഴം നാളെന്റെ കൂട്ടുകാരൻ.

**പവിൻ 9C**

# മഴ



തുള്ളി തുള്ളി വെരുന്നൊരുപെരുമഴ
ഉന്മേഷത്തിൻ കുളിരോടെ
നൂലുപോലുള്ളൊരു തുള്ളികളേപ്പോൽ
കുളിരേകുന്നൊരു പെരുമഴയായ്

കിണറും കുളവും നിറയുന്നല്ലോ
ചാലും തോടും കളകളമൊഴുകും
സസ്യങ്ങൾക്കൊരു കൈത്താങ്ങായി
ജന്തുക്കൾക്കോ  അമ്മനിലാവായ്

മാനും മയിലും നൃത്തമാടും
പക്ഷിക്കൂട്ടം കലപില പാടും
അണ്ണാന്മാരോ ചിൽ ചിൽ പാടും
കോഴികുഞ്ഞുകൾ ചിറകിലൊളിക്കും.

ചറ പറ ചറ പറ പെയ്യട്ടേ മഴ
തുള്ളി ത്തുള്ളി ആടിരസിക്കാം.
മഴവന്നേ ഹായ് മഴ വന്നേ
കുളിരേകുന്നൊരുപെരുമഴയായ്.

**ഉണ്ണിമായ.എം.എസ്** 7A

# കേരളത്തെ കരയിപ്പിച്ച സംഭവം



എന്റെ ജീവിതത്തിൽ ആദ്യമായാണ് ഇങ്ങനെ ഒരു സംഭവം നടക്കുന്നത്. ഒരു രാവ് പുലർന്നപ്പോൾ എല്ലാവരേയും അത്ഭുത പ്പെടുത്തിയാണ് അത് വന്നത് വീട്ടിൻ മുറ്റത്ത് നിറയെ വെള്ളം. എല്ലാവരും അത്ഭുതപ്പെട്ടിരിക്കുന്നു.എത്രയോ വർഷങ്ങൾക്ക് ശേഷം പിന്നെയും അത് വന്നു.വെള്ളം ഇത്രയും വരും എന്ന് ആരും കരുതിയിരുന്നില്ല. അങ്ങനെ എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് ആ മഹാ ദുരന്തം ഞങ്ങളെ കാണാൻ പതിയെ പതിയെ എൻ വീട്ടുമുറ്റത്തെത്തി. വീട്ടിൽ കയറി പല സാധനങ്ങളും നശിപ്പിച്ചു. പതിയെ അത് വന്ന പോലെ തന്നെ തിരിച്ചു പോയി.വീട് തുറന്നപ്പോൾ കാണുന്നത് കേടുപാട് പിടിച്ചു കിടക്കുന്ന ഒരുപാട് സാധനങ്ങളാണ്. ലക്ഷക്കണക്കിന് സാധനങ്ങൾ നഷ്ടപ്പെട്ടു.അങ്ങനെ ആ മഹാ ദുരന്തവും കഴിഞ്ഞു പോയി. ഇനി എങ്ങനെയാണ് ദൈവം നമ്മളെ പരീക്ഷി ക്കുന്നത് എന്ന് ആർക്കും പറയാൻ ആകില്ല.

**അർഷിദ. ടി** 6B

# നോവ്



ചോരയിൽ പിറന്ന തൻ-
ജീവനെ കാണുവാൻ,
പെറ്റയൊരമ്മയെൻ കൂടെയില്ല.....
അമ്മിഞ്ഞപാലു തരാനെന്റെ
അമ്മയെൻ കൂടെയില്ലെന്ന് മാത്രം.....
പിച്ചവെച്ച് നടക്കുമ്പോൾ!!!!
കൈപിടിക്കാനെന്റെ അമ്മയില്ലാ....
എല്ലാം എനിക്കെന്റെ അച്ഛനായി
ഇന്നെന്റെ ജന്മദിന നാളിൽ
അമ്മയില്ലാത്തൊരു നോവ് മാത്രം!!
എന്നും എനിക്കെൻ മനസ്സിൽ
തീരാത്ത ദു:ഖമായ് നോവ് മാത്രം....

**അനഘ.ടി**
8:G

## മായാദിനങ്ങൾ

വാർഷിക പരീക്ഷയുടെ റിസൾട്ടിനായുള്ള കാത്തിരിപ്പി നിടയിലാണ് വീട്ടിലെല്ലാവരും വിനോദയാത്രകളെ കുറിച്ച് ചർച്ച ചെയ്യുന്നത് എൻെറ ശ്രദ്ധയിൽ പെട്ടത്.ഇതുവരെയുള്ള എല്ലാ യാത്രകളും ഓർക്കാൻ കഴിയാത്ത വണ്ണം മാറാല കെട്ടികഴിഞ്ഞിരുന്നു.അതുകൊണ്ട് തന്നെ ഇനിയുള്ളവ ഒരിക്കലും മറക്കാൻ കഴിയാത്തതായിരിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. എല്ലാവരുടേയും തീരുമാനങ്ങൾക്കൊടുവിൽ കൊല്ല ത്തേക്ക് യാത്ര തിരിക്കാൻ തീരുമാനിച്ചു. എൻെറ കുടുംബത്തോടൊപ്പം എൻെറ ഉമ്മയുടെ സഹോദരിയും കുടുംബവും ഉണ്ടായിരുന്നു. രാവിലെ ഏഴ് മണിയോടെ ഞങ്ങൾ യാത്ര പുറപ്പെട്ടു. ഞങ്ങളുടെ കൊല്ലത്തേക്കുള്ള യാത്ര പോകുന്തോറും വഴിക്ക് നീളം കൂടുകയാണൊ? എത്തുന്നേയില്ല. കുട്ടികളെല്ലാവരും വളരെ ഉൽസാഹത്തിലായിരുന്നു. മുമ്പുള്ള യാത്രകളിൽ ആഗ്രഹങ്ങൾ ഇല്ലാതിരുന്ന ഞങ്ങൾക്ക് സ്വപ്നങ്ങൾ ഏറെയായിരുന്നു. കാത്തിരിപ്പിനൊടുവിൽ ഉച്ചയോടെ ഞങ്ങൾ കൊല്ലത്ത് ട്രെയിനിറങ്ങി. ഉച്ചയൂണ് കഴിച്ച ശേഷം ആദ്യം പോയത് ശാസ്താംകോട്ട കായൽ കാണാനാണ്. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധ ജല തടാകമാണിത്. ഈ തടാകത്തിൻെറ മൂന്ന് വശവും മലകളാൽ ചുറ്റപ്പെട്ടിരിക്കുന്നു. ഈ തടാകത്തിൽ നിന്നാണ് കൊല്ലം നഗരത്തിലേക്ക ആവശ്യമായ ശുദ്ധ ജലം സംഭരിക്കുന്നത് .പ്രശസ്തമായ ശാസ്താ ക്ഷേത്രം ഇതിനടുത്തുള്ളത് കൊണ്ട് ആണത്രെ ശാസ്താം കോട്ട കായൽ എന്ന് പേര് വന്നത്. കൊല്ലം നഗരത്തിൽ നിന്ന് 8 കിലോമീറ്റർ മാറിയാണ് നീണ്ടകര.കേരളത്തിലെ പ്രമുഖ മത്സ്യ ബന്ധന തുറമുഖങ്ങളിലൊന്നാണിത്. കേരളത്തിലെ നീളം കൂടിയ പാലങ്ങളിലൊന്നായ നീണ്ടകര പാലവും ഇവിടെയാണ്. ഇവിടെ

നിന്നും ചായകുടിച്ച ശേഷം ഞങ്ങൾ തങ്കശേരിയിലേക്ക് പോയി . ഇവിടെ പോർച്ചുഗീസുകാർ നിർമിച്ച കോട്ടയുടെ അവശിഷ്ടങ്ങളും കാണാൻ സാധിച്ചു. ഈ യാത്രയിൽ ഇനിക്ക് ഏറ്റവും ഇഷ്ടം തോന്നിയത് പാലരുവി വെള്ളച്ചാട്ടമാണ്. ഏകദേശം സന്ധ്യയോടടുത്തപ്പോഴാണ് ഞങ്ങൾ അവിടെ എത്തിയത്. മുന്നൂറടി ഉയരത്തിൽ നിന്നാണ് വെള്ളം താഴേക്ക് പതിക്കുന്നത്. അവിടെയുള്ള വിസ്മയകരമായ ഓരൊ കാഴ്ച്ചകളും നമ്മുടെ കണ്ണിനെ കുളിരണിയിക്കുന്നതിന് വേണ്ടി പ്രകൃതി കനിഞ്ഞു തന്ന കൗതുകങ്ങളാണ്. വെള്ളത്തെ തഴുകിയെത്തുന്ന മന്ദമാരുതൻ ഞങ്ങളെ വാരിപുണർന്നു. ഇവിടെ നിന്ന് വീട്ടിലേക്ക് മടങ്ങാനേ തോന്നിയില്ല.പക്ഷെ മടങ്ങാതെ വയ്യല്ലൊ.... രാത്രി ഭക്ഷണം കഴിച്ച് ഞങ്ങൾ വീട്ടിലേക്ക് മടങ്ങാൻ തീരുമാനിച്ചു. വളരെ ക്ഷീണത്തോടെയാണ് ഞങ്ങൾ ട്രെയിനിൽ കയറിയിരുന്നത്.യാത്രയിലുടനീളം ഞങ്ങൾ മലയാളികളുടെ പുതിയ ആചാരമായിമാറിയ 'സെൽഫി' എടുക്കാൻ മറന്നിരുന്നില്ല. ട്രെയിനിൽവെച്ച് ഞാനൊരു സ്ത്രീയെ പരിചയപ്പെട്ടു.അവർക്ക് മലയാളമറിയില്ലായിരുന്നു. തമിഴായിരുന്നു അവരുടെ മാതൃഭാഷ. ഇംഗ്ലീഷിലായിരുന്നു ഞങ്ങൾ അവരുമായി ആശയവിനിമയം നടത്തിയത്.അവർ മലേഷ്യയിലെ സ്കൂളിൽ ടീച്ചറായിരുന്നു. അവർക്ക് മലെ,ഉറുദു,ഹിന്ദി പോലുള്ള ഭാഷകൾ അറിയുമായിരുന്നു. അവരുടെ സ്റ്റോപ്പ് എത്തുന്നത് വരെ ഞങ്ങൾ ഒരുമിച്ചാണ് ഇരുന്നത്. ഞങ്ങൾ കുട്ടികൾ അവരോടൊത്ത് ഒരുപാട് ഫോട്ടോ എടുത്തിരുന്നു.അവർ യാത്ര പറഞ്ഞ് പിരിഞ്ഞപ്പോൾ ഞങ്ങൾക്ക് വല്ലാത്ത സങ്കടം തോന്നി. ഈ യാത്ര ശരിക്കും ഞങ്ങളുടെ മനസ്സുകളെ സന്തോഷത്തിലാക്കി. പ്രകൃതി സൗന്ദര്യം ആസ്വദിക്കാനുതകുന്ന അടുത്ത യാത്രക്കായി മനസ്സൊരുക്കുകയാണ് ഞങ്ങൾ....

**ജസ്ല തസ്നീം .കെ.വി** 8M

## വേടനെപിടിച്ചെ



പണ്ട് പണ്ട് ഒരു കാട്ടിൽ കുറെ മൃഗങ്ങൾ ജീവിച്ചിരുന്നു. അവരെല്ലാം പരസ്പരം സ്നേഹമുള്ളവരായിരുന്നു. അതിൽ മൂന്ന് പേർ ആതമമിത്രങ്ങളായിരുന്നു. അവരാണ് മിട്ടു മാനും അപ്പു അണ്ണാനും ചിന്നു കിളിയും. അവർ ഉണ്ണുകയും ഉറങ്ങുകയും ഒരുമിച്ചാണ്.ഈ കാടിൻെറ താഴ്വരയിൽ ആൾ താമസമുണ്ടായിരുന്നു. മിട്ടു മാനും,അപ്പു അണ്ണാനും,ചിന്നു കിളിക്കും താഴ്വരയിൽ ഒരു വൈദ്യമുത്തശ്ശി കൂട്ടായി ഉണ്ടായിരുന്നു . ആ മുത്തശ്ശി പല വൈദ്യവും ചെയ്യുന്ന കൂട്ടത്തി

ലായിരുന്നു. അവിടെ എല്ലാവരുടേയും വൈദ്യര് ആ മുത്തശ്ശിയായിരുന്നു. മുത്തശ്ശിക്ക് എന്ത് പ്രശ്നം വന്നാലും മിട്ടുവും, അപ്പുവും, ചിന്നുവും അവിടെ എത്തും. അവർ മൂന്ന് പേരുടേയും കാര്യത്തിൽ മുത്തശ്ശിയും അങ്ങനെയായിരുന്നു. ഒരിക്കൽ മുത്തശ്ശി ചില ഔഷധസസ്യങ്ങൾ പറിക്കാനായി കാട്ടിലേക്ക് പോയി. സസ്യങ്ങളെല്ലാംപറിച്ച കഴിഞ്ഞപ്പോൾ മുത്തശ്ശിക്ക് വല്ലാത്ത ക്ഷീണം തോന്നി. മുത്തശ്ശി ഒന്ന് വിശ്രമിക്കാനായി ഒരു മരച്ചുവട്ടിൽ ഇരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ മുത്തശ്ശി അറിയാതെ ഉറങ്ങിപ്പോയി . മുത്തശ്ശിയുടെ കയ്യിൽ ഒരു ഭാണ്ഡകെട്ട് ഉണ്ടായിരുന്നു. ചില ജീവികൾ അതെടുത്തു കൊണ്ടുപോയി. ആ ഭാണ്ഡ കെട്ടിൽ എന്തെങ്കിലും വിശേഷപ്പെട്ടത് ഉണ്ടാകുമെന്ന് കരുതിയാണ് ആ ജീവികൾ അതെടുത്തു കൊണ്ടുപോയത്. പക്ഷെ അതിൽ വെറും ഔഷധസസ്യങ്ങൾ മാത്രമായിരുന്നു. ആ ജീവികൾ അതവിടെ തന്നെ ഉപേക്ഷിച്ചു. അപ്പോഴാണ് മിട്ടുവും അപ്പുവും ചിന്നുവും അതുവഴി കടന്നത്. അവർ ആ ഭാണ്ടകെട്ട് കണ്ടു. അവർ അതെടുത്ത് ആ ഭാണ്ഡ കെട്ട് ആരുടേതാണെന്ന് അന്വേഷിക്കാൻ തുടങ്ങി. അപ്പോഴാണ് മരച്ചുവട്ടിൽ കിടന്നിരുന്ന മുത്തശ്ശി എഴുന്നേറ്റത് മുത്തശ്ശി നോക്കിയപ്പോൽ തന്റെ ഭാണ്ഡ കെട്ട് അവിടെ കാണാനില്ല . മുത്തശ്ശിക്ക് വിഷമമായി. മുത്തശ്ശിയുടെ പല സാധനങ്ങളും ആ ഭാണ്ഡത്തിനുള്ളിലായിരുന്നു. മുത്തശ്ശി ഭാണ്ഡകെട്ടും അന്വേഷിച്ച നടന്നപ്പോഴാണ് മിട്ടും, അപ്പുവും മുത്തശ്ശിയെ കണ്ടത്.മുത്തശ്ശി എന്തൊ അന്വേഷിച്ച്നടന്നു.അവര് മുത്തശ്ശിയുടെ അടുത്തു ചെന്ന് ചോദിച്ചു; 'എന്തു പറ്റി?' മുത്തശ്ശി പറഞ്ഞു; എന്റെ ഭാണ്ഡ കെട്ട് കാണാനില്ല മക്കളെ.അപ്പോൾ മിട്ടുവിനും അപ്പുവിനും ചിന്നിവിനും മനസ്സിലായി തങ്ങളുടെ കയ്യിലിരിക്കുന്ന ഭാണ്ഡക്കെട്ട് മുത്തശ്ശി യുടേതാണെന്ന്. അവർ അത് മുത്തശ്ശിക്ക് കൊടുത്തു.മുത്തശ്ശി പറഞ്ഞു, ഇതെവിടുന്നാ? വഴിയിൽ നിന്ന് കിട്ടിയതാണ്. മുത്തശ്ശി നന്ദിയോടെ പറഞ്ഞു,നിങ്ങളെന്റെ കൂടെ വരൂ അവരെ സൽക്കരിച്ചു. ഇങ്ങനെയാണ് അവർ മുത്തശ്ശിയെ പരിചയപ്പെട്ട് സുഹൃത്തുക്കളായത്. അങ്ങനെയിരിക്കെ അവർ മൂവരും ഒറ്റക്കിരിക്കുകയായിരുന്നു. അപ്പോൾ ചിന്നു പറഞ്ഞു, നമുക്ക് കണ്ണുപൊത്തി കളിച്ചാലോ? ആ ശരി, അവർ പറഞ്ഞു.മിട്ടു പറഞ്ഞു, ഞാനാദ്യം കണ്ണുപൊത്താം. അങ്ങനെ മിട്ടു കണ്ണു പൊത്തി.അപ്പുവും ചിന്നുവം ഒളിച്ചു.മിട്ടു അവരെ കണ്ടുപിടിക്കാനായി നടന്നു. പെട്ടെന്ന് മിട്ടുവിന്റെ തലയിലേക്ക് ഒരു കുടാരം വീണു. മിട്ടുകെണിയിൽ അകപ്പെട്ടു. 'അയ്യോ രക്ഷിക്കണേ'മിട്ടു നിലവിളിച്ചു. ഹഹഹ...ഞാൻ

വിരിച്ച വലയിൽ ഒരാളെങ്കിലും വീണല്ലോ. നിന്നെ പട്ടണത്തിൽ കൊണ്ടുപോയി വിറ്റാൽ നല്ല കാശ് കിട്ടും.അതൊരു ദുഷ്ടനായ വേടനായിരുന്നു. അയാൾ വണ്ടിയെടുക്കാൻ പോയി. മിട്ടു നില വിളിച്ചു. അപ്പുവും ചിന്നുവും അതുകേട്ടു. അവർ ആ സ്ഥലത്തേക്ക് പോയി. അവർ മിട്ടുവിനെ കണ്ടു.അവർ ആ കൂടാരം പൊട്ടിക്കാൻ ശ്രമിച്ചു. പക്ഷേ പറ്റിയില്ല. അവർ വൈദ്യ മുത്തശ്ശിയുടെ അടുത്തേക്ക് പോയി. മുത്തശ്ശിയോട് കാര്യങ്ങൾ പറഞ്ഞു.മുത്തശ്ശി ഉടനെ സംഭവ സ്ഥലത്തേക്ക് പോയി. അവിടെയെത്തിയപ്പോൾ ഒരു കയറെടുത്തു കൂടാരത്തിൽ കെട്ടി എന്നിട്ടത് വലിച്ചു. അപ്പുവും ചിന്നുവും സഹായിച്ചു. അങ്ങനെ കൂടാരം പുറകിലേക്ക് വീണു.മിട്ടു രക്ഷപ്പെട്ടു. മിട്ടു മുത്തശ്ശിയോട് നന്ദി പറഞ്ഞു. അങ്ങനെ അവർ വേടനൊരു പണി കൊടുക്കാൻ തീരുമാനിച്ചു. അതിനായി വേടൻ വെച്ച കെണി വേടനായി മുത്തശ്ശി വെച്ചു. വേടൻ വണ്ടിയുമായിയെത്തിയപ്പോൾ അതവന്റെ തലക്ക് വീണു. ഇതു കണ്ടു മുത്തശ്ശിയും കൂട്ടരും ചിരിച്ചു. ഇനി ഇങ്ങനെ ചെയ്യരുതെന്ന് മുത്തശ്ശി പറഞ്ഞു. വേടന് തെറ്റ് മനസ്സിലായി. അവൻ നാട്ടിലേക്ക് തിരിച്ചുപോയി. മുത്തശ്ശിയും കൂട്ടരും സുഖമായി ജീവിച്ചു.

**അശ്വതി കെ.എസ്** 7A



## കനൽശാഖ

ഇണമില്ലാ വരികൾ തന്നുടെ
ഈർപ്പമൊന്നു പൊഴിക്കവേ
കാലമിന്നാ പാട്ടുകൾക്കായ്
താളമൊന്നു നിലയ്ക്കവേ.
വേണ്ടുവോളം തീർത്ത നന്മ
വറ്റി വറ്റി വരണ്ടുപോയ്
ഒഴുകിടുന്നാ ജീവിതത്തിൻ
ഒഴുക്കിനെ പഴിനീട്ടവേ.

കനലുകത്തും വഴികളിൽ
ഞാൻ പച്ചയായി നടക്കവേ
പറയുമോ നിൻ കഥനകഥയുടെ
കാറിലെ പൊൻവഴികളെ.
തീരമില്ലാ ജീവിതത്തിൻ
വേരുകൾ പിഴുതെറിയവേ
താളമില്ലാ ജീവിതത്തിൻ
ശാപമൊന്നു പിളർക്കവേ.......

**പവിൻ .എം.എൻ** 9 C

# ഉറവ



പഠിപ്പുരയിലെ പഠനനാളങ്ങൾ
പഠിപ്പിക്കുന്ന പടരാത്ത വീഥികൾ
തളച്ചിട്ട അമൃതിനേക്കാൾ
മാധുര്യം തുളുമ്പുന്ന വിപുല സൗഹൃദം.
തോരാത്ത മഴ പോലെ
അത് കണ്ണീർ കണമാകുന്നു.
വെയിൽ നാളങ്ങൾ ചുറ്റും
പാറി പാറി കളിക്കുന്നു.
മറക്കുകയാണാ സകല ജന്മത്തിനെ
മറക്കാത്ത നോവുകൾ മയക്കാതെ.

**ഹുസൈൻ അൻസിൽ** 9 I

## മറുപടി

തളിരിടും പോലെയീ മധുരിതമാകുന്ന
കുളിരിടും ഓർമ്മകൾ കൊണ്ടകന്നു....
അരികിലുണ്ടായിരുന്നൊരു നേരവും
എനിക്കറിയില്ല നിയെനിക്കാരിതെന്ന്.

പറയുവാനേറെ കൊതിച്ചു നിന്നെങ്കിലും
പ്രണയമാണിതെന്നറിഞ്ഞതില്ല
ചുട്ടു ചോര കയ്യിൽ പൊടിയുന്ന നേരവും
അതിലന്നു കണ്ടത് നിന്റെ മുഖം

അരികിലേക്കെത്തുവാനേറെകൊതിച്ചു ഞാൻ
അരികിലെത്തുമ്പോൾ തിരിച്ചുമാറും
ഒട്ടുവിലാ നേരം നിനച്ച പോലെ-
നീയെൻ അരികിലായ് വന്നത് ചോദിച്ചുവോ?

അറിയില്ലയെന്താണ പറയേണ്ടതെന്നെനി-
ക്കറിയില്ല ഞാൻ നിനക്കാരെന്നതും
അറിയില്ല നീയെന്റെ ആരാകുമെന്നതും
അറിയില്ല ഞാൻ നിനക്കാരിതിന്നും

ആൾനടയില്ലാത്ത വഴിവക്കിൽ വെച്ചന്ന
ആദ്യമായ് നിന്നോടായി ചോദിച്ചതും
മറുപടി പറയുവാൻ പതറിയ-
ക്കൊടിയെത്തി.

മറുപടി കേൾക്കുവാനേറെ കൊതിച്ച ഞാൻ
അരികിലെ ക്കരികിലേക്കാഞ്ഞ നേരം
ഹൃദയത്തിലെ വിടയോ മറ്റൊരു പുൽപൊടി
മുമ്പെന്നോ കാലത്തിടം പിടിച്ചു.

പരിഭവം ഏറെയുണ്ടെങ്കിലും നിന്നെ ഞാൻ
ഒരുപാട്... ഒരുപാടായ് സ്നേഹിച്ചുപോയി
പരിഭവമുള്ളത് മനസ്സിലൊതുക്കി ഞാൻ
ഇനിയുള്ള നിൻ ജന്മം കാത്തിരിക്കും.

**ശിൽപ .കെ.ആർ +1** HI

## പുതു ജീവൻ



ഞാൻ 1ാം-ക്ലാസ്സിൽ പഠിക്കുന്ന കാലം.എന്റെ ഉണ്ണിവാവ ചെറിയകുട്ടിയായിരുന്നു.അവൾ ഞങ്ങളെല്ലാവർക്കും വളരെ പ്രിയപ്പെട്ട വളായിരുന്നു. ഒരു ദിവസം ഉണ്ണിവാവയുടെ കളിയും ചിരിയും കളിയും കണ്ട് അവൾക്ക് ചുറ്റും വീട്ടിലുള്ള ഞങ്ങൾ ഇരിക്കുകയായിരുന്നു. അവളെ ശ്രദ്ധിച്ചു കൊണ്ട് ഉമ്മയും അടുത്തുണ്ടായിരുന്നു.പെട്ടന്നാണ് ഞങ്ങളെ നടുക്കിയ ആ സംഭവ മുണ്ടായത്.പെട്ടന്ന് ഉണ്ണിവാവ ചർദ്ദിച്ചു. സാധാരണ ചർദ്ദിക്കുന്നത് പോലെയാണെന്ന് കരുതി. നെറുകിൽ കയറിയതായിരുന്നു. ഉമ്മ അവളെ വാരി എടുത്ത് വേഗം ആശുപത്രിയിൽ കൊണ്ടുപോയി അഡ്മിറ്റ് ചെയ്തു.എന്റെ വീട്ടിലുള്ള എല്ലാവരും കരയുകയായിരുന്നു.കുറച്ച് കഴിഞ്ഞ് ഡോക്ടർ പറഞ്ഞു കുട്ടിക്ക് കുഴപ്പമൊന്നുമില്ല നെറുകിൽ കയറിയതാണ്. നാളെതന്നെ ഡിസ്ചാർജാവാം എന്ന് പറഞ്ഞപ്പോഴാണ് ഞങ്ങൾ ക്കെല്ലാവർക്കും ഒന്നാശ്വാസമായത്. ഇതെന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരനുഭവമാണ്.

**ആയിഷ ലാമിയ.എം** 6B

# സൂര്യപ്രകാശം



സൂര്യപ്രകാശത്തിൽ......
വിരിയുന്ന പൂക്കളെ ,
സൂര്യ രശ്മികൾ കൊണ്ട് തളരരുതെ
കൃത്യസമയത്ത്,ഉണരുന്ന പൂക്കളെ,
നിൻ വദനങ്ങൾ എന്താണ തളരുന്നത്
നിൻ മിഴികൾ നിലാവിൽ-
കൂമ്പുന്നത് എന്തിനാണ് ?
കൊച്ചു നക്ഷത്രങ്ങൾ ചിരിക്കുന്നതെന്തിനോ ?
നിങ്ങളെ കണ്ടാണോ-
കൊച്ചു നക്ഷത്രങ്ങൾ
പുഞ്ചിരി തൂകി നിൽക്കുന്നത്
നാളെ പുലർകാലെ സൂര്യനുദിക്കുന്നത്
പുഞ്ചിരി തൂകി നിന്നിടേണ്ടേ....
സൂര്യപ്രകാശത്തിൽ വിരിയുന്ന പൂക്കളെ-
സൂര്യ രശ്മികൾ വാടരുതേ....

**അനഘ** 8G

## യാത്ര വിവരണം



യമുനോത്രി യാത്രയുടെ ചില ഓർമകൾ പങ്കുവെയ്ക്കട്ടെ. 2014 ലാണ് ആദ്യ ചാർധാം യാത്ര. കുടുംബസമേതം.കൂടെ അച്ഛൻ, വല്യച്ഛൻ, ഏട്ടൻ....പിന്നെ ചില കുടുംബ സുഹൃത്തുക്കൾ....പിന്നെ എനിക്ക് കൂട്ടായി, പരസ്പരം പരസ്പരം കൂട്ടായി,


പ്രിയ മരുമകൾ ഉമയും.സാഹിത്യവാസന കലശമായ ഉമ കവിതയെഴുതും. പോണം..പോണം...ന്ന് അതിയായ ആഗ്രഹണ്ടാർന്നൂച്ചാലും അത് നടക്കുംന്ന്കരുതീതല്ല.ഉത്തരാഖണ്ഡിലെ ഭയാനകമായ പ്രളയമുണ്ടായതിന്റെ....തൊട്ടടുത്ത വർഷം. ആ യാത്രേലെ യമുനോത്രി മാത്രം. അച്ഛൻ ചാർധാം യാത്രേലാണ്.ഇന്നലെ യമുനോത്രി തൊഴുതിറങ്ങി.അച്ഛന്റെ കൂടെയാണ് മനസ്സ്.ഹരിദ്വാറിൽ നിന്ന് യമുനോത്രിയിലേയ്ക്കായിരുന്നു. ഒരു ധാരണേംല്യ.................... നടക്കാനുള്ള ദൂരത്തെ കുറിച്ചോ ഒന്നും. തണുത്ത അന്തരീക്ഷം. കുതിര ക്കാരുടേയും, ഡോലിക്കാരുടേം..പ്രലോഭനങ്ങളിൽ പെടാതെ നടത്തം തുടങ്ങി. പതിമൂന്നോളം പേരാണ് സംഘത്തിൽ. ചിലർ മുന്നിൽ...അമാന്തക്കാരായ ഞങ്ങൾ പിന്നില്.....അങ്ങനെ പല പല സെറ്റായി . ഒരിത്തിരി നടന്നപ്പോഴേയ്ക്കും മഴേടെ അകമ്പടി. തണുപ്പ് ക്രമാതീതമായി കൂടി. വേണ്ടത്ര സ്റ്റെപ്പുകളുടെ അഭാവം. റെയിൻ കോട്ടൊക്കെ വളരെ... പരിതാപകരമാണ്. തണുത്തൊട്ടി ...വിരലുകൾ...കൈകൾ മരവിച്ച്...ആ നടത്തം.കഠിനമായ കയറ്റങ്ങൾ. മനോഹരമായ വെള്ളച്ചാട്ടങ്ങളും...പ്രകൃതിദൃശ്യങ്ങളും ധാരാളം. പക്ഷെ അതൊന്നും ആ സമയത്ത് ആസ്വദിക്കാൻ പറ്റാത്ത അവസ്ഥ.കാലൊക്കെ...മരവിച്ച് ചെരുപ്പഴിഞ്ഞ് പോയാൽ പോലും അറിയാത്ത അവസ്ഥ. കയറ്റം കഠിനം.കയറുന്തോറുംസഹയാത്രികയായ ഉമയ്ക്ക് ശ്വാസ പ്രശ്നം.ആറു കിലോ മീറ്ററേള്ളൂച്ചാലും...എത്രയായാലും അവസാനിക്കാത്തത് പോലെ....കയറ്റമാണെങ്കിൽ കൂടിക്കൂടി വരാണ്. മഴ പരമാവധി ശല്യപ്പെടുത്തുന്നു.വിശ്രമിച്ച് വിശ്രമിച്ച് യമുനോത്രിയിൽ. യമുനോത്രിയെകുറിച്ച്.......................യമുനോത്രിഉത്തരാഞ്ചൽസംസ്ഥാനത്തിലാണ്. ഉത്തരകാശി ജില്ലയിൽ 11000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന യമുനോത്രി"ചതുർധാമങ്ങളിൽ" ആദ്യത്തേതാണ്.മുൻപിലാണ് ബന്ദർപൂഞ്ച് ഹിമകൊടുമുടികൾ ഇവിടെ.കളിന്ദ പർവ്വതത്തിലെ സപ്തർഷികുണ്ഡിലെ ഹിമാനിയിൽ നിന്നാണ് യമുനാ നദി ഉത്ഭവിക്കുന്നത്. 4421 മീറ്റർ ഉയരത്തിലാണ് ഈ പ്രദേശം... യമുന ഉത്ഭവിക്കുന്ന ഗിരി ശൃംഖങ്ങൾ ഹിമാലയത്തിലെ ചരിഞ്ഞു കിടക്കുന്ന

പ്രതലമാണ്. ഇവിടെ യമുനാദേവിക്കായി ഒരു ക്ഷേത്രമുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിൽ ജയ്പൂർരാജ്ഞിയായ ഗുലേറിയയാണ് ഈ ക്ഷേത്രം നിർമിച്ചത്. വെള്ളകുപ്പായമണിഞ്ഞ മഞ്ഞു മലകൾക്കുള്ളിൽ കറുത്ത മാർബിളിലാണ് യമുനാദേവിയുടെ പ്രതിഷ്ഠ. വർഷം മുഴുവനും തണുപ്പ് അനുഭവപ്പെടുന്ന സ്ഥലമാണത്. സൂര്യകുണ്ഡ് എന്ന ചൂടുറവ ഇവിടുത്തെ പ്രത്യേകതയാണ്.ഹിമാലയത്തിലെ ഗന്ധക ശേഖരമാണ് ജലത്തിന് ചൂട് നൽകുന്നത്.ഉമേം ഞാനും കൂടി സ്ത്രീകൾക്കുള്ള പ്രത്യേക കുളിസ്ഥലത്തേയ്ക്ക്.ഒരു ഇരുണ്ട സ്നാനഘട്ടം.വിസ്തരിച്ച് കുളിച്ചവർ തണുപ്പകന്ന്ഉഷാറായി. കുതിരക്കാരടേം...ഡോലിക്കാരുടേം ഇടയി ലൂടെയുള്ള നടത്തം...കുതിരച്ചാണകം മഴയത്ത് വഴീല് മുഴുവൻ.ആദ്യ യാത്രേല് തന്നെ മതീം കൊതീം തീർന്ന പോലെയാണ് പലരുടേം അവസ്ഥ. നാട്ടീന്ന് പോന്നിട്ട് അഞ്ചാറ് ദിവസം മാത്രം. നാട്ടിൽ എത്തിയാമതീന്ന് തോന്നി എന്തായിരുന്ന ഒരോരോ മോഹങ്ങൾ. ആ തണുപ്പ്..ആ കയറ്റം അത്രേം അവശരാക്കി.പിന്നീട് ഗംഗോത്രി ബദരീം ഒക്കെ സുഖമായി പോയി. എന്നാലും യമുനോത്രീന്ന് ആലോചിക്കുമ്പോൾ തന്നെ ഒരു തണുപ്പ് താനെ വരും. യമുനയുടെ ഉത്ഭവം കണ്ട് മടക്കം.

**ബിന്ദു ടീച്ചർ**

## ഞങ്ങൾ വരച്ച ചിത്രങ്ങൾ

















CARE
for KERALA







മുഹമ്മദ് ഹിഷാം





ആൽഫ്റഡ് സ്റ്റീഫൻ  എട്ട്.സി



റിത്വിക്ക് 9G



റിത്വിക്ക് 9G

